**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജയിംസ് പി.ജെ.യുടെ സീനിയോറിറ്റി പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2229/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 01.07.2017

---

പരാമർശം:
1. സ.ഉ്.(സാധാ) നം.3407/03/പൊഭവ തീയതി 20.05.2003
2. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2003-ലെ ഇ 11-12271/2002 നമ്പർ കത്ത്
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21.12.2012-ലെ SR IV(2) 1107/01/SW നമ്പർ കത്ത്
4. സ.ഉ.(കൈ)നം.265/2010/തസ്വഭവ തീയതി 18.11.2010
5. ശ്രീ. ജയിംസ് പി.ജെ. സമർപ്പിച്ച 05.12.2016-ലെ നിവേദനം (അനക്ഷർ എ 3)
6. ഒ.എ (ഇകെഎം) നം.43/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.01.2017-ലെ ഉത്തരവ്
7. 06.03.2017-ലെ പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ കുറിപ്പ്

**ഉത്തരവ്**

ആനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജയിംസ് പി.ജെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൽ അപേക്ഷകനെ നേരിൽ കേട്ട് അപേക്ഷകൻ അനക്ഷർ എ 3 ആയി സമർപ്പിച്ച നിവേദനം 3 മാസത്തിനകം തീർപ്പാക്കാൻ പരാമർശം (6) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായി.

ബഹു. ട്രൈബ്യൂണൽ നിർദ്ദേശിച്ചതനുസരിച്ച് അപേക്ഷകനെ നേരിൽ കേൾക്കുകയും തദവസരത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്.

2004-ലും 2008-ലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന സീനിയർ സൂപ്രണ്ടായി പ്രവേശിച്ചവരുടെ ഇടയിൽ സീനിയോറിറ്റി ഫിക്സ് ചെയ്തു നൽകുക, സീനിയർ സൂപ്രണ്ട് തസ്തികയിൽ (ഗസറ്റഡ്) നിയമിക്കപ്പെട്ടെങ്കിലും ഗസറ്റഡ് റാങ്കിൽ നിന്നും തരംതാഴ്ത്തി. കൂടാതെ പഞ്ചായത്ത് വകുപ്പിലെ ഒരു സീനിയോറിറ്റി ലിസ്റ്റിലും തന്റെ പേര് ഉൾപ്പെട്ടിട്ടില്ല എന്നും സീനിയോറിറ്റി ലിസ്റ്റിൽ തന്റെ സ്ഥാനം നിർണ്ണയിച്ച് ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചു.

അപേക്ഷകനെ നേരിൽ കേട്ടതിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിനു മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിന്റെ ഭാഗമായി ഗസറ്റഡ് കാറ്റഗറിയിൽ സീനിയർ സൂപ്രണ്ടിന്റെ ഒരു ഒഴിവ് പി.എസ്.സി.ക്ക് പരാമർശം (2) ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു. പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത സമയം പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരുടെ അനുവദനീയമായ തസ്തികകളുടെ എണ്ണം 71 ആയിരുന്നു. തുടർന്ന് പരാമർശം

(3) ലെ കത്ത് പ്രകാരം ശ്രീ. ജയിംസ് പി.ജെ.യെ പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ടായി നിയമിക്കുന്നതിന് പി.എസ്.സി. ശുപാർശ ചെയ്തു. പഞ്ചായത്ത് ഡയറക്ടറുടെ 25.01.2013-ലെ ഉത്തരവ് പ്രകാരം ടിയാന് നിയമനം നൽകുകയും 02.02.2013-ൽ സീനിയർ സൂപ്രണ്ടായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയും ടി തസ്തികയുടെ ഫീഡർ കാറ്റഗറിയായിരുന്ന സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയും സമാന ശമ്പളത്തിലും പരസ്പരം മാറാവുന്ന തസ്തികകളുമാക്കി ഉത്തരവായി.

കെ.എസ്. & എസ്.എസ്.ആർ ഭാഗം II ചട്ടം 27 (c) പ്രകാരം പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്ന ഒരാളെ ശിക്ഷണ നടപടികളുടെ ഭാഗമായി താഴ്ന്ന റാങ്കിലേക്ക് തരംതാഴ്ത്തപ്പെട്ടിട്ടില്ലായെങ്കിൽ അയാളുടെ സീനിയോറിറ്റി ടി കാറ്റഗറിയിലേക്ക് നിയമിക്കുന്നതിനുള്ള ആദ്യ ഇഫക്ടീവ് അഡ്വൈസ് തീയതി അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയിംസ് പി.ജെ.യുടെ സീനിയോറിറ്റി സീനിയർ സൂപ്രണ്ട് തസ്തികയിൽ 21.12.2012 തീയതി പ്രാബല്യത്തിൽ നിശ്ചയിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ അപേക്ഷകൻ നിയമിക്കപ്പെട്ടത് ഗസറ്റഡ് തസ്തികയായ സീനിയർ സൂപ്രണ്ട് തസ്തികയിലായതിനാലും തസ്തിക ഏകീകരിച്ച് സർക്കാർ പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവിനനുസൃതമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്താത്തതിനാലും, അപേക്ഷകനെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചത് അക്കൗണ്ടന്റ് ജനറൽ റിവർഷനായി എന്റൈറ്റിൽമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാലും പി.എസ്.സി. ശുപാർശ ചെയ്ത സീനിയർ സൂപ്രണ്ട് എന്ന തസ്തികയിൽ അപേക്ഷകന് നിയമനം നൽകുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2004-നും 2008-ലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരുടെ ഇടയിൽ സീനിയോറിറ്റി നിർണ്ണയിച്ച് നൽകണമെന്ന ആവശ്യം ചട്ടപ്രകാരം നിലനിൽക്കാത്തതിനാൽ നിരസിക്കുന്നു.

ബഹു. കേരള ട്രൈബ്യൂണലിന്റെ പരാമർശം (5) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ജയിംസ് പി.ജെ, മുൻ സെക്രട്ടറി, ആനാട് ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ